II ഇ.ബി.XIV-കേരള നിയമസഭ/X-3

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഫെബ്രുവരി 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(മധു എന്ന ആദിവാസി യുവാവിന്റെയും സഫീർ എന്ന മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട വിഷയം ചോദ്യോത്തരവേള നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ ആവശ്യം നിരസിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയശേഷം യു.ഡി.എഫ്. അംഗങ്ങൾ ചോദ്യോത്തരവേള ബഹിഷ്കരിച്ച് പുറത്തുപോയി.)

ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ നക്ഷത്രചിഹ്നമിട്ട 61, 63 എന്നീ നമ്പർ ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.

4 (*62) അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ മരങ്ങൾ വെട്ടി മാറ്റാൻ നടപടി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, വനഭൂമിയിൽ നട്ടുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ വ്യാവസായിക ആവശ്യത്തിനായി മുറിച്ച് മാറ്റുന്നതിനനുസരിച്ച് ഭാവിയിൽ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇത്തരം മരങ്ങൾ പൾപ് വുഡ് വ്യവസായങ്ങൾക്കാണ് ഉപയോഗിക്കുന്നത്. സ്വകാര്യ വനമേഖലയിലടക്കം യൂക്കാലിപ്റ്റസ്, ഗ്രാന്റിസ് എന്നിവ മുറിച്ചുമാറ്റുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണെന്നും വനദീപ്തി പദ്ധതി പ്രകാരം വിവിധ നാടൻ വൃക്ഷങ്ങളും ഔഷധസസ്യങ്ങളും വച്ചു പിടിപ്പിക്കുന്നതാണെന്നും മാഞ്ചിയം, യൂക്കാലിപ്റ്റസ് പോലുള്ള വൃക്ഷങ്ങൾ ജലമൂറ്റുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രീയപഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വന സംരക്ഷണ പരിപാലന പ്രവർത്തനങ്ങളിലൂടെ സ്വാഭാവിക വനത്തിന്റെയും ജലസ്രോതസ്സുകളുടേയും പുനരുജ്ജീവനം വഴി വന്യജീവികളുടെ ആഹാരവും ജലലഭ്യതയും ഉറപ്പുവരുത്തുന്നു. വനാശ്രിത സമൂഹത്തിന് തൊഴിലും ഉപജീവന മാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വി.എസ്.എസ്.-ഉം ഇ.ഡി.സി.-കളും രൂപീകരിച്ചിട്ടുള്ളത്. ഏപ്രിൽ ഒന്നു മുതൽ ഇ.ഡി.സി. കളുടെ

വേതനം 100 രൂപ വീതം വർദ്ധിപ്പിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്കും കൃഷിനാശത്തിനുമുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഇവയുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് റെയിൽ ഫെൻസിംഗ്, കിടങ്ങുകൾ, സൗരോർജ്ജ വേലി, ആനമതിൽ എന്നിവ നിർമ്മിക്കുന്നത് വ്യാപിപ്പിക്കുമെന്നും കാട്ടുപന്നികളുടെ എണ്ണം സംബന്ധിച്ച് സെൻസസ് നടത്തുകയും ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വന്യജീവി സങ്കേതങ്ങളിലുള്ള തേക്ക് മരങ്ങൾ മുറിച്ചുമാറ്റാൻ പാടില്ലാത്തതിനാൽ സംരക്ഷിത കേന്ദ്രങ്ങൾ ഒഴിച്ച് മറ്റിടങ്ങളിലെ പഴക്കംചെന്ന തേക്ക് മരങ്ങൾ വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്തി അനുമതിയോടെ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

### 5 (*64) പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, ലൈഫ് മിഷൻ പദ്ധതി മുഖേന പട്ടികജാതിക്കാർക്ക് നൽകുന്ന വീടുകൾക്കുള്ള ആനുകൂല്യം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന അതേ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം

പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങൾക്കും നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. നായാടി, വേടൻ, ചക്ലിയൻ, കള്ളാടി എന്നീ ദുർബ്ബല വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഈ വിഭാഗങ്ങളുടെ വാസയോഗ്യമല്ലാത്ത 12 ശതമാനം വീടുകൾ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമിയില്ലാത്ത 1100 ആദിവാസികൾക്ക് ഭൂമി നൽകുകയും അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. പട്ടികജാതി ഉപ പദ്ധതിയിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമെ 2017-18 വർഷത്തിൽ വകയിരുത്തിയ 17 കോടി രൂപയിൽ 11.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഭൂരഹിതരുടെ പുനരധിവാസം, ഭവനനിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ള വിതരണം, സങ്കേതങ്ങളുടെ മറ്റു പൊതു സൗകര്യങ്ങൾ, പഠനാനുകൂല്യങ്ങൾ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കി വരികയാണെന്നും മന്ത്രി വ്യക്തമാക്കി. ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നതോടൊപ്പം വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കാൻ 2 ലക്ഷം രൂപയും നൽകുന്നതാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തുന്നതിനും സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കൃഷിഭൂമി വായ്പാ പദ്ധതിയിൽ ഈ വിഭാഗത്തിന് മുൻഗണന

നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങളുടെ കല, സംസ്കാരം, തൊഴിൽ, നൈപുണ്യം, വൈദ്യരീതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഗദ്ദിക' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വാർഷിക പദ്ധതിയിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യക്തിഗത പദ്ധതികളുടെ നിശ്ചിത ശതമാനം സ്ത്രീകൾക്കായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുമെന്നും ഐ.എ.വൈ. പദ്ധതി പ്രകാരം 23887 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതി നടപ്പിലാക്കാൻ 40 കുടുംബങ്ങൾ ഉണ്ടാകണമെന്നത് 30 ആക്കി ചുരുക്കിയിട്ടുണ്ടെന്നും തൊഴിലിനായി വിദേശത്ത് പോകുന്നവർക്കുള്ള ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*65) <u>ലഹരി മാഫിയയെ നിയന്ത്രിക്കാനുള്ള നടപടികൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും നിയമവിരുദ്ധമായി കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുകയും മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് എന്നീ വിഭാഗങ്ങൾ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. ലഹരി പദാർത്ഥങ്ങൾ വിമാനത്താവളം വഴി സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിന് സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ലഹരി കടത്തിനും കൈമാറ്റത്തിനുമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തുന്നതിനെതിരെ ശക്തമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. കഞ്ചാവ്, മയക്കുമരുന്ന്, ആംപ്യൂളുകൾ, ഗുളികകൾ തുടങ്ങിയ ലഹരി വസ്തുക്കൾ കണ്ടെടുക്കുന്നതിന് ജാഗരൂകമായ പ്രവർത്തനം നടത്തുവാൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കഞ്ചാവ് വിൽപ്പന തടയുന്നതിന് നിലവിലുള്ള നിയമം അപര്യാപ്തമായതിനാൽ എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും

ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ 'വിമുക്തി മിഷൻ' മുഖേന നടന്നുവരുന്നുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽനിന്ന് വിദ്യാർത്ഥികളെയും മറ്റുള്ളവരേയും ബോധവത്കരിക്കുന്നതിനായി സംസ്ഥാന ലൈബ്രറി കൗൺസിൽ, റെസിഡന്റ്സ് അസോസിയേഷനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് പഞ്ചായത്ത് വാർഡ്തലം വരെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരികയാണ്. എക്സൈസ് വകുപ്പിന് കൂടുതൽ ഫീൽഡ് ഓഫീസുകൾ അനുവദിക്കുന്നതിനും വാഹനങ്ങളടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണെന്നും മന്ത്രി വ്യക്തമാക്കി. 2018 ഫെബ്രുവരിയിൽ എറണാകുളം എക്സൈസ് സ്പെഷ്യൽ സ്ക്വാഡിന്റെ നേതൃത്വത്തിൽ 30 കോടി രൂപയുടെ 5.020 കിലോ എം.ഡി.എം.എ. പിടികൂടിയിട്ടുണ്ടെന്നും ഇത്തരം കേസ്സുകളിലെ അന്താരാഷ്ട്ര ബന്ധം സംബന്ധിച്ച് അന്വേഷണം നടത്തി വരികയാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 610 മുതൽ 859 വരെയുള്ള ചോദ്യങ്ങളിൽ 201 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ

രേഖാമൂലം ഉത്തരം നൽകി.)